(സി) 16,08,300 രൂപയ്ക്ക്.

(ഡി) 27–6–1983_ൽ.

(ഇ) ഒരു വർഷത്തിനകം ജോലി തീർക്കണം എന്നതാണ് വ്യവസ്ഥ.

(എഫ്) താൽക്കാലികാവശ്യത്തിനുള്ള സ്ഥലം അകപ്പയർ ചെയ്തിട്ടുണ്ട്.

(ജി) നടപടികൾ സ്വീകരിച്ചു വരുന്നു.

കുമിളിയിൽ സബ്ഡിപ്പോ

254 [568] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുമിളിയിൽ സബ് ഡിപ്പോ സ്ഥാപിക്കുന്നതിന് ആവശ്യമുള്ള സ്ഥലം വനം വകുപ്പിനോട് കെ.എസ്.ആർ.ടി.സി. ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

ഉണ്ട്.

കോട്ടയം–ചെങ്കര ബസ് സർവ്വീസ്

255 [569] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കോട്ടയം–ചെങ്കര കെ.എസ്.ആർ.ടി.സി. ബസ് കൃത്യമായി സർവ്വീസ് നടത്തുന്നുണ്ടോ;

(ബി) ഈ ബസ്സിന്റെ ഒരു ദിവസത്തെ ശരാശരി വരുമാനം എത്ര?

ഉത്തരം

(എ) ഉണ്ട്.

(ബി) കിലോമീറ്ററിന് 3 രൂപ 22 പൈസയാണ്.

പൊൻകുന്നം–ഉപ്പുതറ റൂട്ടിൽ കെ.എസ്.ആർ.ടി.സി. സർവ്വീസ്

256 [570] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻകുന്നം ഗ്യാരേജിൽ നിന്നും പൊൻകുന്നം–ഉപ്പുതറ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നത് പുനരാരംഭിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) അതിനു ശേഷം എത്ര പ്രാവശ്യം ഈ സർവ്വീസ് മുടങ്ങിയിട്ടുണ്ട്;

(സി) മുടങ്ങിയതിന്റെ കാരണമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1984 ഒക്ടോബർ മുതൽ ഈ സർവ്വീസ് പുനരാരംഭിച്ചിട്ടുണ്ട്.

(ബി, സി) വാഹന ദൗർലഭ്യം മൂലം അപൂർവ്വം ചില ദിവസങ്ങളിൽ ഈ സർവ്വീസ് മുടങ്ങിയിട്ടുണ്ട്.

കണ്ണൂർ–തേക്കടി, കന്യാകുമാരി–തേക്കടി ബസ് സർവ്വീസുകൾ

257 [571] ശ്രീ. കെ.കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ–തേക്കടി, കന്യാകുമാരി–തേക്കടി എന്നീ ദീർഘ ദൂര ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിക്കുമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി. യുടെ വിഭവശേഷി വർദ്ധിച്ചാൽ മാത്രമേ കണ്ണൂർ തേക്കടി സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുകയുള്ളൂ.

കന്യാകുമാരി–തേക്കടി സർവ്വീസ് ഒരു അന്തർ സംസ്ഥാന സർവ്വീസ് ആകയാൽ തമിഴ്നാടുമായി പുതിയ കരാർ ഉണ്ടാക്കിയാലേ ഈ സർവ്വീസ് നടത്തുവാൻ സാധിക്കുകയുള്ളു.

പത്തനംതിട്ട തിരുവല്ല ഡിപ്പോകളിൽ നിർത്തലാക്കിയ ഷെഡ്യൂളുകൾ

258 [572] ശ്രീ. വി.എസ്. ചന്ദ്രശേഖരൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ജൂലൈ മാസത്തിലും തുടർന്നും പത്തനംതിട്ട, തിരുവല്ല എന്നീ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിന്നും ഓപ്പറേറ്റു ചെയ്തുകൊണ്ടിരുന്ന ഷെഡ്യൂളുകൾ വല്ലതും നിർത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ഡിപ്പോയിലും എത്ര ഷെഡ്യൂളുകൾ, അവ ഏതെല്ലാം എന്നു വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ഷെഡ്യൂളുകൾ നിർത്തൽ ചെയ്യുന്നതുകൊണ്ട് യാത്രക്കാർക്ക് വളരെ ബുദ്ധിമുട്ടും സർക്കാരിനു വമ്പിച്ച നഷ്ടവും ഉണ്ടാകുന്നുവെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഷെഡ്യൂളുകൾ വളരെ കുറച്ചു മാത്രമുള്ള ഈ രണ്ടു ഡിപ്പോകളിലേയും ഉള്ള സർവ്വീസുകളെങ്കിലും നിലനിർത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly